

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.- കെ.എൽ.എം/പി-10/206/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി 26/03/2019.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-10/206/19 തീയതി: 26/03/2019

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-17 മുതൽ 31-12-17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ്റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ മാത്യുറോയി.കെ.പി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	
ഓഡിറ്റിന് വിനിയോഗിച്ച സമയം	10.01.2019 മുതൽ 22.01.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി.പ്രീത.എസ്സ്.എസ്സ്	ഓഡിറ്റ് ഓഫീസർ
	ശ്രീ.ആർ.ലാലു	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീമതി.റ്റി.സിന്ധു	
	ശ്രീമതി.ജമീലാബീവി.എം	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.ദർശൻ പിള്ള	01.04.2017 മുതൽ 31.03.17 വരെ
സെക്രട്ടറി	ശ്രീ.ജി.കൃഷ്ണകുമാർ	01.04.2017 മുതൽ 05.04.2017 വരെ
	ശ്രീ.ജയ്മോഹൻ.ഡബ്ല്യു (സെക്രട്ടറി അധിക ചുമതല)	06.04.2017 മുതൽ 05.05.2017 വരെ
	ശ്രീ.ജി.കൃഷ്ണകുമാർ	06.05.2017 മുതൽ 02.06.2017 വരെ
	ശ്രീ.ജയ്മോഹൻ.ഡബ്ല്യു (സെക്രട്ടറി അധിക ചുമതല)	03.06.2017 മുതൽ 18.06.2017 വരെ
	ശ്രീ.ജി.കൃഷ്ണകുമാർ	19.06.2017 മുതൽ 31.07.2017 വരെ
	ശ്രീ.ജയ്മോഹൻ.ഡബ്ല്യു (സെക്രട്ടറി അധിക ചുമതല)	01.08.2017 മുതൽ 02.08.2017 വരെ
	ശ്രീ.നൗഫൽ.എസ്.എസ്	03.08.2017 മുതൽ 08.12.2017 വരെ
	ശ്രീ.ജയ്മോഹൻ.ഡബ്ല്യു (സെക്രട്ടറി അധിക ചുമതല)	09.12.2017 മുതൽ 19.12.2017 വരെ
	ശ്രീ.സുരേഷ്കുമാർ.എം (സെക്രട്ടറി അധിക	20.12.2017 മുതൽ

	ചുമതല)	26.12.2017 വരെ
	ശ്രീമതി.സംഗീത.സി.ആർ (സെക്രട്ടറി അധിക ചുമതല)	27.12.2017 മുതൽ 18.01.2018 വരെ
	ശ്രീ.അനസ്.വൈ	19.01.2018 മുതൽ 31.01.2018 വരെ
	ശ്രീ.അജ്മൽ.ജെ	01.02.2018മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ജയ്മോഹൻ.ഡബ്ല്യു	01.04.2017മുതൽ 26.12.2017വരെ
	ശ്രീ.നസീർ.എൻ (അസി.സെക്രട്ടറി അധിക ചുമതല)	27.12.2017മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ.ദീപ പ്ലാസിഡ്.	01.04.2017മുതൽ 05.06.2017 വരെ
	ഡോ.സോമി തോമസ്	06.06.2017മുതൽ 04.10.2017 വരെ
	ഡോ.ജാസ്മി ജമാൽ	05.10.2017മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ് സുപ്പർവൈസർ	ശ്രീമതി.ബിജി.എൽ	01.04.2017 മുതൽ 31.03.2018 വരെ
ഹെഡ്മാസ്റ്റർ	ശ്രീ.അബ്ദുൾ സലാം	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.ചിത്ര	01.04.2017 മുതൽ

		23.11.2017 വരെ
	ഡോ.മിനി.എസ്.പൈ	24.11.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (അലോപ്പതി)	ഡോ. ശ്രീലക്ഷ്മി	01.04.2017 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – I	ശ്രീ.അനൂപ്.റ്റി.	01.04.2017 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – II	ശ്രീ.അനോയ്.വി.നായർ	01.04.2017 മുതൽ 11.10.2017 വരെ
	ശ്രീ.വിശാൽ രാജ്.ആർ	12.10.2017മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി.ജിനു അരവിന്ദ്	01.04.2017 മുതൽ 12.10.2017 വരെ
	ശ്രീമതി.നിഷ.എ	13.10.2017മുതൽ 31.03.2018വരെ
കൃഷി ഓഫീസർ	ശ്രീ.വിജയകൃഷ്ണപിള്ള.റ്റി	01.04.2017 മുതൽ 31.07.2017 വരെ
	ശ്രീമതി.ബിന്ദുമോൾ.കെ	01.08.2017 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി.സംഗീത	01.04.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3
4	സാമ്പത്തികവിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷികകണക്കുകളിലെ അപാകതകൾ	1-12
	ഭാഗം 2	
13	ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല	2-1
14	ട്രേഡേഴ്സ് ലിസ്റ്റ് -പുതുക്കി സൂക്ഷിക്കുന്നില്ല.	2-2
15	ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല	2-3
	ഭാഗം 3	
16	പൊലിയോപൊലി വിനിയോഗ രേഖകൾ ഹാജരാക്കിയില്ല ₹ 70,000/- തടസ്സപ്പെടുത്തുന്നു	3-1
17	പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷാവാങ്ങൽ-മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	3-2
18	പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല	3-3
19	കേരള വാട്ടർ അതോറിറ്റിക്ക് ഒരുകോടിയോളം രൂപ വെള്ളക്കരം കുടിശ്ശിക	3-4
20	തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല	3-5
21	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	3-6
22	കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല	3-7
23	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	3-8
	ഭാഗം 4	
24	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
25	ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2

26	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
27	വായ്പ/വായ്പ തിരിച്ചടവ്	4-4
28	സ്ഥിരനിക്ഷേപങ്ങൾ	4-5
29	ഓഡിറ്റ് റിക്കവറി	4-6
30	സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
31	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
32	ഓഡിറ്റ് പ്രത്യവലോകനം	4-9
33	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
34	അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18	1
35	അനുബന്ധം -2, അനുബന്ധ പത്രികകൾ	2

ഭാഗം **1**

പൊതു അവലോകനം

1-1 ബജറ്റ്

17.3.2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 21.3.2018 തീയതിയിലെ V-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.7.18	30.05.18	----	-------

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2017-18	11.6.18,12.06.18	കെ.എസ്.എ/ കെ.എൽ.എം./പി.10/1213/18-തീയതി-17.7.18

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	66,17,941

വരവ്	6,29,60,092
ആകെ	6,95,78,033
ചെലവ്	6,32,78,762
നീക്കിയിരിപ്പ്	62,99,271

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		-	14614000	14614000	12032048	2581952
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		-	7744268	7744268	7207985	536283
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		-	-	-	-	-
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		-	11132000	11132000	7622148	3509852
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		-	3452000	3452000	2750932	701068
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		-	6863754	6863754	5832270	1031484
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)		-	3475787	3475787	2065596	1410191
സാക്ഷരത		370	79038	79408	79408	-
ദുരിതാശ്വാസനിധി		3812	171	3983	-	3983
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	-	25017868	25017868	25017868	-
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	10927	1020061	1030988	984655	46333
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ		1266703	1004485	2271188	824644	1446544

ഐ.സി.ഡി.എസ്						
റ്റി.എസ്.സി		714925	171842	886767	148141	738626
ശുചിത്വമിഷൻ ഗ്രാന്റ്		2161066	1399120	3560186	530731	3029455
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ കൃഷി വകുപ്പ് അവാർഡ്		-	300000	300000	-	300000
ബഡ്സ് സ്കൂൾ ഗ്രാന്റ്		4400	204574	208974	204377	4597
കേരളോത്സവം		-	15000	15000	15000	-
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	516329	2024050	2540379	2438624	101755
	ജില്ലാ പഞ്ചായത്ത്	480680	1499750	1980430	1849750	130680
ബി ഫണ്ട്		-	333720	333720	333720	-
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	763162	19592146	20355308	19863510	491798
	ട്രഷറി അക്കൗണ്ട്	695567	8634000	9329567	9329067	500

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
166	8,52,68,775	85	4,61,10,181	14	67	54.08%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	10,927	10,20,061	10,30,988	9,84,655	46,333
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	2,50,17,868	2,50,17,868	2,50,17,868	-

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	2,13,720	468
കർഷകതൊഴിലാളി പെൻഷൻ	8,71,200	342
വിധവാപെൻഷൻ	29,02,200	1,036
വാർദ്ധക്യകാലപെൻഷൻ	47,10,000	1,640
വികലാംഗപെൻഷൻ	10,07,700	341
50 വയസ്സിന് മുകളിൽ പ്രായമായവരുടെ പെൻഷൻ	12,000	4
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	12,000	4

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2019 ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,123/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിലും നികുതി പിരിച്ചെടുക്കുന്നതിലും വേണ്ടത്ര കാര്യക്ഷമത പുലർത്തി വരുന്നു. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിൽ ക്ഷേമപെൻഷനുകളുടെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് അംഗീകരിക്കൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10.01.2019	11/2018	10.01.2019
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.02.2017 മുതൽ 10.03.2017 വരെ	2011-12 മുതൽ 2015-16 വരെ	20.04.2017

1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. Excess of income over expenditure negative balance ആണ്.

2.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഹെഡ്ഡിൽ 2016-17 വർഷത്തെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന 3,02,516/- എന്ന തുകയുടെ പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാതെ 2017-18 വർഷം അസറ്റാക്കി മാറ്റി.

3.പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ താഴെ പറയുന്ന ഹെഡ്ഡിൽ ചേർത്തിരിക്കുന്ന തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

1.Receivables for property tax on residential buildings – arrears

2.Receivable for property tax on Non-Residential buildings – Current

3.Receivable for property tax on Non Residential buildings - Arrears

4.Advance collection of Revenues – Property tax on Non residential buildings.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1. Joint venture A/C ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയിലെ യഥാർത്ഥ മുന്നിരിപ്പ്, നീക്കിയിരിപ്പ്, തുകകൾ RP 40 (a), 40(b) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 5,000/-രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	ടെണ്ടർ ഫാറ വില (രൂപ)
1.	സൊസൈറ്റി മുക്ക്, കുടുങ്ങൾ മുക്ക് ഐറിഷ് ഡ്രെയിൻ നിർമ്മാണം (എസ്.ഒ.127/2018)	700/-
2.	കാരക്കാട്ട്-കാരക്കാട്ട് കിഴക്ക് സൈഡ് വാൾ നിർമ്മാണം. (എസ്.ഒ.134/2017-18)	600/-
3.	വിവിധ സ്ഥലങ്ങളിൽ ടോയിലറ്റ് നിർമ്മാണം(എസ്.ഒ 159//2017-18)	1,200/-
4.	കൃഷി ഓഫീസിൽ കെട്ടിടത്തിന് മുകളിൽ റൂഫിംഗ് സ്റ്റോർ നിർമ്മാണം (എസ്.ഒ 168/2017-18)	2,500/-
	ആകെ	5,000/-

2-2 ട്രേഡേഴ്സ് ലിസ്റ്റ് -പുതുക്കി സൂക്ഷിക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ

പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങൾ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി -9/19.01.19

2-3 ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.

തദ്ദേശസ്വയംഭരണ(ആർ.ഡി.)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2 /15/ത.സ്വ.ഭ.വ.കത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും ,പെർമിറ്റ് എടുക്കാതെ പൂർണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തെ കെട്ടിടനികുതി ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ ക്രമവത്കരിച്ച കെട്ടിടങ്ങളിൽ നിന്ന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നോ ഓഡിറ്റ് വകുപ്പിൽ നിന്നോ നിർദ്ദേശം ലഭിക്കാത്തതിനാലാണ് അപ്രകാരം ഈടാക്കാഞ്ഞത് എന്ന് മറുപടി ലഭ്യമാക്കി. 2017-18 സാമ്പത്തിക വർഷം പെർമിറ്റ് എടുക്കാതെ ക്രമവത്കരിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന്

ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി -8/19.01.19

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പൊലിയോപൊലി വിനിയോഗ രേഖകൾ ഹാജരാക്കിയില്ല **₹ 70,000/-** തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം : എസ് 178/2018

പ്രോജക്ടിന്റെ പേര് : പൊലിയോപൊലി കാർഷിക അനുബന്ധ പ്രവർത്തി

നിർവ്വഹണം : കൃഷി ഓഫീസർ

അടങ്കൽ തുക : ₹ 70,000/ (തനത് ഫണ്ട്)

ചെലവ് : ₹ 70,000/- ചെക്ക് നം 99608776 / 13.03.2018

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതി പ്രകാരം ₹ 70,000/- ജില്ലാ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹70,000/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൃയറി നം 03/11.01.2019

3-2 പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷാവാങ്ങൽ–മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി വായ്പാബന്ധിതമായി നടപ്പിലാക്കാതെ സ്വകാര്യ ധനമിടപാടു സ്ഥാപനങ്ങളുടെ ക്യാഷ് ക്രെഡിറ്റ് സൗകര്യം ഗുണഭോക്താക്കൾ ഉപയോഗിച്ചു.

നിർവഹണോദ്യോഗസ്ഥൻ	അസി.സെക്രട്ടറി
പദ്ധതി,നം	പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷാവാങ്ങൽ (നം.165/18)
അടങ്കൽ തുക	3,50,000/-രൂപ (എസ്.സി.പി ഫണ്ട്)
ചെലവ് തുക	1,00,000/-രൂപ
ബിൽ നം.	20/17-18/19.9.17

സബ്സിഡി മാർഗ്ഗരേഖപ്രകാരം മേൽപദ്ധതി വായ്പാബന്ധിതമായി നടപ്പിലാക്കണമെന്നും ധനസഹായതുക ബാക്ക്എൻഡഡ് സബ്സിഡിയായി നല്കണമെന്നുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. 9-2-16 ലെ GO(RT) 536/16 തസ്വഭവ ഉത്തരവിൽ സബ്സിഡി തുക ബാങ്കിലേക്ക് നല്കുന്നതിനുപകരം വാഹനംനല്കുന്ന സ്ഥാപനത്തിന് നേരിട്ട് നല്കാവുന്നതാണെന്നും ബാക്കിതുക ബാങ്ക് ലോൺ തുകയാണെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷാവാങ്ങൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബജാജ് ഓട്ടോ ലിമിറ്റഡിന്റെ ഓതറൈസ്ഡ് ഡീലറായ അനന്തേശ്വര മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക ട്രാൻസ്ഫർ ചെയ്തതിട്ടുണ്ട്. ബാങ്ക്ലോൺവഴി ബാക്കിതുക കണ്ടെത്തുന്നതിനു പകരം ബജാജ് ഓട്ടോ ലിമിറ്റഡിന്റെ ക്യാഷ് ക്രെഡിറ്റ് സൗകര്യമാണ് ഗുണഭോക്താക്കൾ ഉപയോഗിച്ചിരിക്കുന്നതെന്ന് വാഹനങ്ങളുടെ ഇൻവോയ്സ് പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. സർക്കാർ ഉത്തരവിനുവിരുദ്ധമായി വാഹനകമ്പനിയുടെതന്നെ ക്യാഷ് ക്രെഡിറ്റ് സൗകര്യം ഉപയോഗിച്ചതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പൊതുമേഖലാ ബാങ്കുകളെ സമീപിച്ചപ്പോൾ ലോൺ നൽകുന്നതിന് വിമുഖത കാണിക്കുകയും, ഫണ്ട് ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കാനാണ് സ്വകാര്യ ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ എടുക്കേണ്ടിവന്നത് എന്നാണ്. എന്നാൽ ഈ മറുപടി ന്യായീകരിക്കത്തക്കതല്ല. മുൻ വർഷത്തിലും ഇതേ അപാകതകൾ സംഭവിച്ചിട്ടുള്ളതും ആയത് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമായിട്ടുള്ളതുമാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

3-3 പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5) ,218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്കിൽ താഴെ രേഖപ്പെടുത്തിയ തീരുമാനങ്ങൾ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.02.18 ലെ 1-ാം [അജണ്ട-09(1))]

തീരുമാനത്തിൽ ബ്ലോക്ക് നമ്പർ-8-ൽ സർവേ നമ്പർ 256/10-ൽ പെട്ടതും ശ്രീ.സത്യനേശൻ പിള്ള വിളയിൽ തെക്കതിൽ എന്നവരുടെ കൈവശമുള്ള ഭൂമി അളന്ന് ലഭിക്കുന്നതിന് തഹസീൽദാർക്കും താലൂക്ക് സർവ്വേയർക്കും കത്ത് നൽകിയതായി മറുപടി ലഭ്യമാക്കി.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.02.2018 ലെ 1-ാം [അജണ്ട-21(1)] തീരുമാനത്തിൽ ഇരവിച്ചിറ പടിഞ്ഞാറ് 1 ാം വാർഡിൽ കുളത്തിന് ഇരുവശവുമായി കിടക്കുന്ന സർക്കാർ വക വസ്തുവിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വേയർക്ക് കത്ത് നല്കിയതായി അറിയിച്ചു.

3. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.02.2018 ലെ [അജണ്ട-24(1] തീരുമാനത്തിൽ ഇരവിച്ചിറ പടിഞ്ഞാറ് ഒന്നാം വാർഡിൽ ബ്ലോക്ക് നമ്പർ 8 സർവ്വേ നമ്പർ 241/2, 241/3, 241/4 എന്നീ വസ്തുക്കൾ അളന്നു തിട്ടപ്പെടുത്തുന്നതിന് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വേയർക്ക് കത്ത് നല്കിയതായി അറിയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ കൃത്യമായ വിവരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂമിയുടെ രേഖകളുടെ കൃത്യത ബോധ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം ,നിർമ്മാണ പ്രവർത്തനങ്ങൾ , കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൾ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം, നിബന്ധനകൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം.സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്.

3-4 കേരള വാട്ടർ അതോറിറ്റിക്ക് ഒരുകോടിയോളം രൂപ വെള്ളക്കരം കുടിശ്ശിക

നിർവഹണോദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
പദ്ധതി,നം	പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ (നം.152/18)
അടങ്കൽ തുക	8,48,750/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 169750/-(തനത് ഫണ്ട്)

ചെലവ് തുക	848750(ബിൽനം.23/6.1.18-169750 21/30.10.17-169750 18/30.10.17-169750 17/29.8.17-169750 10/31.7.17-169750) 169750-ചെക്ക് നം.(10456-10459/27.4.17)

ശൂരനാട്തെക്ക് ഗ്രാമ പഞ്ചായത്തിൽ വെള്ളക്കരമിനത്തിൽ മാർച്ച് 2018 വരെ ഒരു കോടിയോളം രൂപ കുടിശ്ശികയുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം അതാത് മാസം വാട്ടർചാർജ്ജ് ഒടുക്കു വരുത്തുകയാണ് ചെയ്യുന്നത്. Rate/tap/year 5,250/- രൂപയാണ്. ഫൈൻ ആയി 2% തുക മാസം തോറും ഉൾപ്പെടുത്തുകയും ചെയ്യുന്നു.

എല്ലാ മാസവും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരമിനത്തിൽ തുക പഞ്ചായത്ത് ഒടുക്കു വരുത്തുന്നുണ്ടെങ്കിലും വെള്ളക്കരം കുടിശ്ശിക ഭീമമായി നിലനിൽക്കുന്ന അവസ്ഥയാണുള്ളത്.

2017-18 വർഷം 10,18,500/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത് .

പഞ്ചായത്തിൽ വർഷങ്ങളായി ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഗാർഹിക കണക്ഷനും നൽകി വരുന്നു. ആയതിനാൽ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ബാധ്യത ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുക കിഴിച്ചും ടാപ്പുകളുടെ എണ്ണം കണക്കാക്കിയുള്ളതാണെന്നും ഉറപ്പുവരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-5/17.01.19

3-5 തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവഹണോദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പദ്ധതി,നം	തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി, ഇലക്ട്രിഷ്യൻമാരുടെ വേതനം (നം.25/18)
അടങ്കൽ തുക	3,00,000/-(തനത് ഫണ്ട്)
ചെലവ് തുക	1,17,600/-

തെരുവുവിളക്കുകളുടെ പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിലും തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.

അടാട്ട് മാതൃകയിൽ തെരുവു വിളക്കുകൾ പരിപാലിക്കുന്നതിലേയ്ക്ക് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 700/- രൂപ ഇലക്ട്രിഷ്യനുള്ള (2 പേർക്ക്) പ്രതിദിനവേതനമായി നൽകി വരുന്നു. എന്നാൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല.

വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഏതേതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം വീതം കണക്കാക്കിയാണ് പരിഷ്കരിച്ച താരിഫ് പ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് മാസത്തിലൊരിയ്ക്കൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ സഹിതം മേൽ സൂചന അപാകതകളിൻമേൽ വിശദീകരണം നൽകേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണം, പോസ്റ്റ് നമ്പർ സഹിതം ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടി ഉടൻ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിയ്ക്കുകയും ചെയ്യുക എന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലാനിർവഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാലനം, പരിഷ്കരിച്ച താരിഫ് പ്രകാരമുള്ള തുക ഒടുക്കൽ എന്നീ ഘടകങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിയ്ക്കുവാനും ചെലവുകളെ സാധൂകരിയ്ക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-5/17.01.19

3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി , നം	അടങ്കൽ തുക (രൂപ)	ചെലവ് തുക (രൂപ)	ബിൽ നം/ തീയതി	റിമാർക്സ്
1.	IKM ന് വിഹിതം നൽകൽ (17/18)	76,188/- (വികസന ഫണ്ട്)	76188/-	7/17-18/ 22.7.17	ഇൻഫർമേഷൻ കേരള മിഷന് നൽകി.
2.	പള്ളിക്കലാറിന്റെ സംരക്ഷണം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ	1,00,000/- (CFC ഗ്രാന്റ്)	1,00,000/-	6/17-18/ 22.7.17	കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി

	(109/18)				
3.	ചക്കുവള്ളിച്ചിറ നവീകരണം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (110/18)	3,00,000/- (CFC ഗ്രാന്റ്)	3,00,000/-	5/17-18 /22.7.17	കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി
4.	ശൂരനാട് റൈസ് മിൽ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (116/18)	1,00,000/- (വികസന ഫണ്ട്)	1,00,000/-	4/17-18/ 22.7.17	കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി
5.	ഭിന്നശേഷിക്കാർക്ക് സൈഡ് വീലോഡ് കൂടിയ സ്കൂട്ടർ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (28/18)	1,00,000/- (വികസന ഫണ്ട്)	1,00,000/-	16/17-18/ 29.8.17	കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി
6.	കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (നം.119/18)	2044189/- (CFC ഗ്രാന്റ്)	20,44,189/-	27/17-18/ 08.2.18	എക്സി.എഞ്ചിനീയർ, പി.ഡബ്ല്യു.ഡി, ഡിവിഷൻ കൊല്ലം നൽകിയത്
7.	വൈദ്യുതി ലൈൻ നീട്ടൽ (നം.138/18)	15,91,115/- (CFC ഗ്രാന്റ്)	15,91,115/-	29/17-18/ 08.02.18	എ.ഇ ,ഇലക്ട്രിക് ഡിവിഷൻ, ശൂരനാട് നോർത്ത്- 8,91,650/- എ.ഇ ,ഇലക്ട്രിക് ഡിവിഷൻ, മൈനാഗപ്പള്ളി- 99535/- എ.ഇ ,ഇലക്ട്രിക് ഡിവിഷൻ, ശാസ്താംകോട്ട- 599930/- നൽകി
		ആകെ	43,11,492/-		

വിനിയോഗരേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 43,11,492/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-5/17.01.19

3-7 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ–മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം/ ഫണ്ടിനം.	അടങ്കൽ തുക (രൂപ)	ചെലവ്തുക (രൂപ)	ബിൽനം,തീയതി	ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ)
1.	പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ (നം.35/18)	12,50,000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	1,24,944	3/17-18 /25.10.17	50,782
1.	പാലിയേറ്റീവ് കെയർ (നം.106/18)	5,00,000 (വികസന ഫണ്ട്) 1,00,000 (ബ്ലോക്ക് വിഹിതം)	6,43,800	2,25,000/- 5/17-18 /27.12.17	1,88,014
				ആകെ	2,38,796/-

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

3-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2017-18 സാമ്പത്തിക വർഷത്തിൽ 92,050 മനുഷ്യദിനങ്ങൾ തൊഴിൽ നൽകുകയും 80 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. ആകെ 2,58,28,000/- രൂപയുടെ ചെലവ് പ്രധാനമായും ഭൂവികസനം, ഐ.എ.വൈ.ഭവന നിർമ്മാണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, ജല സംരക്ഷണ പ്രവൃത്തികൾ പി.എം.എ.വൈ പ്രവൃത്തികൾ, എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

പദ്ധതി നടത്തിപ്പിലെ പൊതുവായ അപാകതകൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നാമമാത്രമായാണ്

നടപ്പാക്കിയിട്ടുള്ളത്.

2.പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു .

3.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

4.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പ്രവർത്തിയുടെ വിശദാംശങ്ങളും പൂർത്തീകരണ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2017-18	7,00,000	ക്ഷീര കർഷകർക്ക്പാലിന് സബ്സിഡി	7,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	1,00,000	സാന്ത്വന ചികിത്സാ പദ്ധതി	1,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	2,06,250	നെൽകൃഷിക്ക് കൂലിചെലവ്	2,06,250	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	92,800	പച്ചക്കറികൃഷി വികസനം	92,800	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	7,00,000	പശു വളർത്തൽ	7,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	1,25,000	ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	1,25,000	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	1,00,000	ബഡ്സ് സ്കൂൾ നടത്തിപ്പ്	1,00,000	0
ജില്ലാ പഞ്ചായത്ത്	2017-18	5,00,000	ക്ഷീര കർഷകർക്ക്പാലിന് സബ്സിഡി	5,00,000	0
ജില്ലാ പഞ്ചായത്ത്	2017-18	2,33,750	നെൽകൃഷിക്ക് കൂലിചെലവ്	2,33,750	0
ജില്ലാ പഞ്ചായത്ത്	2017-18	5,00,000	അന്നപൂരകപോഷകാഹാരം (30,000 രൂപ ജില്ലാപഞ്ചായത്തിൽ	5,00,000	0

			തിരിച്ചടച്ചു.)		
ജില്ലാ പഞ്ചായത്ത്	2017-18	1,25,000	ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	1,25,000	0
ജില്ലാ പഞ്ചായത്ത്	2017-18	1,41,000	ബഡ്സ് സ്കൂൾ നടത്തിപ്പ്	1,41,000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ നീട്ടൽ	2,17,01,090	29,41,774	0	29,41,774
ഇലക്ട്രിസിറ്റി ബോർഡ്	സ്ട്രീറ്റ് ലൈൻ നീട്ടൽ	21,70,10,102	15,91,115	0	15,91,115

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ)	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	

ഇ.എം.എസ് ഭവന പദ്ധതി	306/2011 dtd 07.12.11	1,47,37,500	10,60,998	7,10,400	-	3,50,598

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,402/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയതി
2003-04	3-5	2,002	ബദറുദ്ദീൻ	117010102862/ 16.02.18
2003-04	3-3	400	സന്തോഷ്	117010102871/ 16.02.18

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	6,95,78,033
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	6,32,78,762

വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	43,81,492

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നഷ്ടം ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	70,000/-	കൃഷി ഓഫീസർ, ശ്രീമതി.ബിന്ദുമോൾ.കെ
3-6	5,76,188/-	ശ്രീ.ജി.കൃഷ്ണകുമാർ, സെക്രട്ടറി
	1,00,000/	ശ്രീ.നൗഫൽ, സെക്രട്ടറി
	36,35,304/-	ശ്രീ.അജ്മൽ.ജെ, സെക്രട്ടറി
ആകെ	43,81,492/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

നഷ്ടം ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.ബിന്ദുമോൾ.കെ, കൃഷി ഓഫീസർ	കൃഷി ഓഫീസർ ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്	ചൗരികുളങ്ങരത്തോപ്പിൽ കൊല്ലം.പി.ഒ, കരുനാഗപ്പള്ളി
ശ്രീ.ജി.കൃഷ്ണകുമാർ, സെക്രട്ടറി	വിരമിച്ചു.	ഊപ്പൻ വിള പുത്തൻപുരയിൽ, വടക്കും തല ഈസ്റ്റ്, കരുനാഗപ്പള്ളി
ശ്രീ.നൗഫൽ, സെക്രട്ടറി	സെക്രട്ടറി കടപ്ര ഗ്രാമപഞ്ചായത്ത്	ധന്യ, ടാഗ്ഗർനഗർ -26, രാമൻകുളങ്ങര , കൊല്ലം – 12
ശ്രീ.അജ്മൽ.ജെ, സെക്രട്ടറി	സെക്രട്ടറി ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്	ഐക്കര പുത്തൻവീട്, പട. സൗത്ത് കരുനാഗപ്പള്ളി

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.കൃ.പി8/1396(3)/14 തീ.24.6.14
1999-00	എൽ.എഫ്.കൃ.പി8/1396(5)/14തീ.24.6.14
2001-02	എൽ.എഫ്.കൃ.പി8/1396(7)/14തീ.24.6.14
2002-03	എൽ.എഫ്.കൃ.പി8/1396(8)/14തീ.24.6.14
2003-04	എൽ.എഫ്.കൃ.പി8/1396(9)/14തീ.24.6.14
2004-05	എൽ.എഫ്.കൃ.പി8/1396(10)/14തീ.24.6.14
2005-06	എൽ.എഫ്.കൃ.പി8/1396(11)/14തീ.24.6.14
2006-07	എൽ.എഫ്.കൃ.പി8/1396(12)/14തീ.24.6.14
2007-08	എൽ.എഫ്.കൃ.പി8/1396(13)/14തീ.24.6.14
2008-09	എൽ.എഫ്.കൃ.പി8/1396(14)/14തീ.24.6.14
2009-10	എൽ.എഫ്.കൃ.പി8/1396(15)/14തീ.24.6.14
2010-11	എൽ.എഫ്.കൃ.പി8/1396(16)/14തീ.24.6.14
2011-12	എൽ.എഫ്.കൃ.പി8 /978/14 തീ 10.07.14
2012-13 2013-14	കെ.എസ്.എ. – കെ.എൽ.എം.പി7 /820/15തീ 19.10.15
2014-15	കെ.എസ്.എ. – കെ.എൽ.എം.പി7 /1150/16 തീ 23.07.16
2015-16	കെ.എസ്.എ. കെ.എൽ.എം.പി.7–1898 / 16 തീയതി, 4/2/17
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം-**1**

ഓഡിറ്റ് സാക്ഷ്യപത്രം **2017-18**

കെ.എസ്.എ-കെ.എൽ.എം-പി 10 -206/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പഴയ മുനിസിപ്പൽ ബിൽഡിംഗ്,

ചിന്നക്കട, കൊല്ലം പിൻ - 691 001

Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി : 26/03/2019

സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷികധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം **-2**

സംക്ഷിപ്തം **(Audited Abstract)**

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.